'ഭരണഭാഷ- മാതൃഭാഷ'

നം. എ6-9688/22

ജില്ലാ ആശുപത്രി, കൊല്ലം
തീയതി: 09.11.2022

**ലേല പരസ്യം**

കൊല്ലം ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന കാലഹരണപ്പെട്ട ഇരുമ്പ്, സ്റ്റീൽ തുടങ്ങിയ സാധന സാമഗ്രികൾ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല തീയതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന GST രജിസ്ട്രേഷൻ ഉള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതാണ്.

**തീയതി : 21.11.2022**

**സമയം : ഉച്ചയ്ക്ക് 12 മണി**

**സ്ഥലം : സൂപ്രണ്ടിന്റെ കാര്യാലയം**

**നിരതദ്രവ്യം : 5000/- രൂപ**

**താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും ലേല നടപടികൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ തുക രേഖപ്പെടുത്തി മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾ 21.11.2022 രാവിലെ 11 മണിയ്ക്ക് മുമ്പായി നേരിട്ട് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിലോ/ലേലത്തിലോ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്ന വ്യക്തിയ്ക്ക്/സ്ഥാപനത്തിനോ അവകാശം ഉറപ്പിക്കുന്നതാണ്.
2. ലേല നടപടികളിൽ പങ്കെടുക്കുന്നതിന് GST രജിസ്ട്രേഷൻ നിർബന്ധമാണ്. ആയത് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കേണ്ടതാണ്.
3. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി/സ്ഥാപനം അന്നേ ദിവസം രാവിലെ 11 മണിയ്ക്ക് മുമ്പായി നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.
4. സാധനങ്ങൾ കൊണ്ടു പോകുന്നതിന് അവകാശം ലഭിച്ചവർ ക്വാട്ട് ചെയ്ത തുകയും ജി.എസ്.റ്റി യും ഉൾപ്പെടെയുള്ള തുക അന്നേ ദിവസംതന്നെ ഓഫീസിൽ അടക്കേണ്ടതാണ്.
5. ലേലം കൈകൊണ്ടവർ മൂന്ന് ദിവസത്തിനുള്ളിൽ സ്വന്തം ഉത്തരവാദിത്വത്തിൽ സാധന സാമഗ്രികൾ നീക്കം ചെയ്യേണ്ടതാണ്.
6. ലേലത്തിന് മുമ്പ് ലേലസാധനങ്ങൾ നേരിട്ട് പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്.
7. ലേലത്തിൽ പങ്കെടുക്കുന്നവർ നിയമാനുസൃതമായ EMD cash ആയി സമർപ്പിക്കണം

ലേലനടപടികൾ നിർത്തിവയ്ക്കാനോ/നീട്ടിവയ്ക്കാനോ മറ്റ് എന്തെങ്കിലും ഭേദഗതികൾ ആവശ്യമുണ്ടെങ്കിൽ ആയതിനുമുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

വിശദ വിവരങ്ങൾ ഓഫീസിൽ നിന്നും നേരിട്ടും ഫോൺമുഖാന്തിരവും പ്രവർത്തി സമയങ്ങളിൽ ലഭ്യമാകും (ഫോൺ നം - 0474-2742004).

സൂപ്രണ്ട്
SUPERINTENDENT
A.A. Rahim Memorial
Govt. Dist. Hospital, Kollam

A.A. RAHIM MEMORIAL GOVT. DISTRICT HOSPITAL
PH. No. 0474-2742004
KOLLAM-691001

പകർപ്പ്:

1. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഓഫീസർ , കൊല്ലം (പത്രവാർത്ത നൽകുന്നതിന്)
2. നോട്ടീസ് ബോർഡ് , ജില്ലാ പഞ്ചായത്ത്/ ഡി.എം.ഒ. ഓഫീസ്/വിക്ടോറിയ ആശുപത്രി/ ജില്ലാ ആശുപത്രി
3. ഫയൽ/കരുതൽ ഫയൽ